1KM

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മൂന്നാർ ഗ്രാമപഞ്ചായത്ത് - ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 191(4) പ്രകാരം സസ്പെന്റ് ചെയ്ത് കൊണ്ടും സെക്ഷൻ 191(2) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കായി റഫർ ചെയ്ത് കൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2923/2025/LSGD തീയതി, തിരുവനന്തപുരം, 05-12-2025**

---

പരാമർശം:-

1. മൂന്നാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 21/11/2024 ലെ എ6-5465/2024 നമ്പർ കത്ത്.
2. 03/09/2024ലെ മൂന്നാർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 4/ നമ്പർ തീരുമാനം.
3. മൂന്നാർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 01/11/2024 ലെ 1(1)-ാം നമ്പർ തീരുമാനം.
4. മൂന്നാർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 19/11/2024 ലെ 1(1)-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

മൂന്നാർ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ റോഡുകളും തെരുവോരങ്ങളും കൈയ്യേറി സ്ഥാപിച്ചിരുന്ന പെട്ടിക്കടകളും സ്ഥിരം കടകളും, പരാമർശം (2) ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെയും ഇടുക്കി ജില്ലാ കളക്ടർ, ദേവികുളം സബ് കളക്ടർ എന്നിവരുടെ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെയും പോലീസ് വകുപ്പിന്റെ സംരക്ഷണയിലും നീക്കം ചെയ്തതിന്റെ ചെലവിനത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് ചെലവ് തുക അനുവദിക്കേണ്ടതുണ്ടെന്നും, എന്നാൽ അതിന് വേണ്ടിവന്ന ചെലവുകൾ നൽകേണ്ടതില്ലെന്നും ഇനി ശേഷിക്കുന്ന കടകൾ/അനധികൃത നിർമ്മാണങ്ങൾ തുടർന്ന് നീക്കം ചെയ്യേണ്ടതില്ലെന്നും ഗ്രാമപഞ്ചായത്ത് കമ്മിറ്റി പരാമർശം (3) പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നുവെന്നും പ്രസ്തുത തീരുമാനം നിയമവിരുദ്ധമാണെന്നും ആയത് പരിശോധിക്കുന്നതിനായി സർക്കാരിലേക്ക് റഫർ ചെയ്യുമെന്നും സെക്രട്ടറി യോഗത്തെ അറിയിക്കുകയും നിയമാനുസൃതമല്ലാത്തതിനാൽ തിരുമാനം പുനപരിശോധിക്കുന്നതിനായി യോഗം ചേർന്നെങ്കിലും ടി തീരുമാനം പുനപരിശോധിക്കേണ്ടതില്ലെന്ന് പരാമർശം (4) പ്രകാരം യോഗം തീരുമാനിച്ചുവെന്നും ടി സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് (യോഗ നടപടിക്രമം ചട്ടങ്ങൾ), ചട്ടം 29(3) പ്രകാരമുള്ള നടപടികൾ, സ്വീകരിക്കുന്നതിനായി മൂന്നാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ നിജസ്ഥിതി റിപ്പോർട്ട് അനന്തര നടപടികൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൂന്നാർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ

പരാമർശം (3) & (4) തീരുമാനം നിയമ വിരുദ്ധമാണെന്നു പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് മൂന്നാർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (3), (4) തീരുമാനം താൽക്കാലികമായി സസ്പെന്റ് ചെയ്തുകൊണ്ടും പ്രസ്തുത തീരുമാനങ്ങൾ പരിഗണിച്ച് തുടർ നടപടികൾക്കുള്ള നിർദേശങ്ങൾക്കുമായി പ്രസ്തുത തീരുമാനം സെക്ഷൻ 191(2) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, മൂന്നാം നില, യൂണിവേഴ്സിറ്റി. പി ഒ, പാളയം, തിരുവനന്തപുരം.

2.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.

2) സെക്രട്ടറി, മൂന്നാർ ഗ്രാമ പഞ്ചായത്ത്.

3) എക്സിക്യൂട്ടീവ് ഡയറക്ടർ ,ഇൻഫർമേഷൻ കേരള മിഷൻ

4) കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 05-12-2025 17:15:50

സെക്ഷൻ ഓഫീസർ